**Desabhimani**

**21 Auust 2018**

**Kochi; Service Began,Naval Airport**



# നാവികസേനാ വിമാനത്താവളത്തിൽനിന്ന് സർവീസ് തുടങ്ങി

**കൊച്ചി**

പ്രളയത്തെത്തുടർന്ന് നെടുമ്പാശേരി വിമാനത്താവളം അടച്ചതിനാൽ കൊച്ചി നാവികസേനാ വിമാനത്താവളത്തിൽ നിന്ന് ചെറുവിമാനങ്ങൾ സർവീസ് തുടങ്ങി. 19 കൊല്ലത്തിനു ശേഷമാണ് ഇവിടെ യാത്രാവിമാനം ഇറങ്ങിയത്. എയർ ഇന്ത്യയുടെ അലയൻസ് എയറിന്റെ എടിആർ വിമാനമാണ് തിങ്കളാഴ്ച രാവിലെ 7.20ന് ബംഗളൂരുവിൽനിന്നുള്ള യാത്രക്കാരുമായി എത്തിയത്. 8.10ന് യാത്രക്കാരുമായി ബംഗളൂരുവിലേക്ക് മടങ്ങുകയും ചെയ്തു.

നെടുമ്പാശേരി വിമാനത്താവളം 26 വരെ അടച്ചതോടെയാണ് നാവികസേനാ വിമാനത്താവളത്തിൽനിന്ന് സർവീസ് നടത്താൻ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ അനുമതി നൽകിയത്. ഇവിടെ നിന്ന് ബംഗളൂരുവിലേക്കും കോയമ്പത്തൂരിലേക്കുമാണ് സർവീസ് നടത്തുന്നത്. രണ്ടിടങ്ങളിലേക്കും തിങ്കളാഴ്ച മൂന്നു സർവീസുകൾ നടത്തി. ചൊവ്വാഴ്ച മുതൽ നാലു സർവീസ് നടത്തുമെന്ന് എയർ ഇന്ത്യ അറിയിച്ചു. ഇൻഡിഗോ ചൊവ്വാഴ്ച മുതൽ സർവീസ് തുടങ്ങും. ജെറ്റ് എയർവേസും അടുത്ത ദിവസം സർവീസ് തുടങ്ങിയേക്കും.

1999 ജൂൺ 10ന് നെടുമ്പാശേരിയിൽനിന്ന് സർവീസ് ആരംഭിച്ചതോടെയാണ് വെല്ലിങ്ടൺ ഐലൻഡിലെ നാവിക വിമാനത്താവളത്തിൽനിന്ന് യാത്രാവിമാന സർവീസ് നിർത്തിയത്.